കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാരോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/443/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

തീയതി: 24.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കാരോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/443/2019 തീയതി: 24.04.2019

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 06.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ സാജൻലാൽ. എസ്.ജെ. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07.03.2019മുതൽ 15.03.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ജയകുമാരി കെ.ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. അനിൽ കുമാർ ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ആശ ജി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ബിന്ദുലത ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജു എസ്., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി. അനിത, 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.കെ. സതീഷ് കുമാർ, 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അജയ്.എൽ.ഹാർഡിൻ | 01.04.2017 മുതൽ 10.10.2017 വരെ |
| | ശ്രീ.സുരേഷ്കുമാർ | 11.10.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം | ശ്രീമതി.വിജയലക്ഷ്മി. ജെ. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ലിനിറ്റ. പി. മെർളിൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രാധികാ റാണി. എ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഷൈൻ. എസ് | 01.04.2017 മുതൽ 09.07.2017 വരെ |
| | ഡോ.സ്മിതാറാണി. കെ. എസ്. | 10.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശിവനേശൻ | 01.04.2017 മുതൽ 10.07.2017 വരെ |
| | ഡോ.സുമിൽ | 11.07.2017 മുതൽ 28.07.2017 വരെ |
| | ഡോ.പ്രദീപ്. എസ്. വി. | 29.07.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.അനിത. എ. എസ് | 01.04.2017 മുതൽ 11.12.2017 വരെ |
| | ശ്രീമതി.ശ്രീല. ബി.എസ്. | 12.12.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീ.ജോസഫ്. ആർ | 01.04.2017 മുതൽ 27.05.2017 വരെ |
| | ശ്രീ.ബാലു | 28.05.2017 മുതൽ 18.06.2017 വരെ |
| | ശ്രീമതി.ഷീജ. റ്റി.എസ് | 19.06.2017 മുതൽ 28.10.2017 വരെ |
| | ശ്രീ.അനൂപ് കുമാർ.എ.എ. | 29.10.2017 മുതൽ 7.11.2017 വരെ |
| | ശ്രീ.ജയകുമാർ. എൻ.ജെ. | 8.11.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (ബി സർക്കിൾ) | ശ്രീ.ജിനേഷ്. ജി.എസ് | 01.04.2017 മുതൽ 03.10.2017 വരെ |
| | ശ്രീമതി.ലത.ആർ | 04.10.2017 മുതൽ 18.10.2017 വരെ |
| | ശ്രീമതി.രമ്യ. ആർ. എസ്. | 19.10.2017 മുതൽ 26.02.2017 വരെ |
| | ശ്രീ.ബിജു. സി. | 26.02.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശശികല ഒ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശിവാംബിക.എസ്.വി. | 01.04.2017 മുതൽ 13.11.2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി.ജയശ്രീ. | 14.11.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ.ശ്രീധരൻ.എ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് ചട്ടപ്രകാരം തയാറാക്കിയിട്ടില്ല. | 2-2 | |
| 15 | തൊഴിൽനികുതി- അപാകതകൾ | 2-3 | |
| 16 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-4 | |
| 17 | ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല | 2-5 | |
| | ഭാഗം-3 | | |
| 18 | ദിവസവേതനക്കാരനായ ഡ്രൈവർക്ക് യൂണിഫോം അലവൻസ് നൽകി- 2400/- തിരികെ ഈടാക്കേണ്ടതാണ് | 3-1 | |
| 19 | അഡ്വക്കേറ്റുമാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 3-2 | |
| 20 | ഇ.എം.എസ് ഭവനവായ്പാ നിരക്ക്- കരാർ വ്യവസ്ഥകൾ സർക്കാർ ഉത്തരവിന് വിരുദ്ധം | 3-3 | |
| 21 | കേരളോത്സവം - അധികമായി തുക ചെലവഴിച്ചു | 3-4 | |
| 22 | കരാറിലേർപ്പെടാതെ നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകുന്നു | 3-5 | |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 3-6 | |

| | | | |
|---|---|---|---|
| 24 | ജൈവസമൃദ്ധി പച്ചക്കറി കൃഷി സബ്സിഡി തുക വ്യക്തിഗത അക്കൗണ്ടുകൾ<br><br>വഴി നൽകി. | 3-7 | |
| 25 | ചെലവ് രേഖകൾ ഹാജരാക്കിയില്ല 15,000/-രൂപ തടസ്സം | 3-8 | |
| 26 | സംയുക്ത പ്രോജക്ടുകൾ - ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ പ്രോജക്ടിൽ രേഖപ്പെടുത്താതെ ചെലവഴിച്ചു. | 3-9 | |
| 27 | മൃഗസംരക്ഷണം -ഭൗതികനേട്ടം കൈവരിച്ചില്ല. | 3-10 | |
| 28 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവഹിക്കുന്നു. | 3-11 | |
| 29 | ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ | 3-12 | |
| 30 | നീക്കം ചെയ്ത സാധനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമല്ല | 3-13 | |
| 31 | കോൺക്രീറ്റിംഗ് ചെയ്യുന്നതിന് അധിക നിരക്ക് അനുവദിച്ചു. അധിക ചെലവ് 9019/- രൂപ | 3-14 | |
| 32 | സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി 4,621/- രൂപ നിരാകരിക്കുന്നു | 3-15 | |
| 33 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല. | 3-16 | |
| 34 | ഓഡിറ്റ് ഇംപാക്ട്-പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് കുറവ് വരുത്തിയില്ല. അധികമായി അനുവദിച്ച 33,283/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി. | 3-17 | |
| 35 | ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല | 3-18 | |
| 36 | പാലിയേറ്റീവ് കെയർ പരിചരണം - സർക്കാർ മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 3-19 | |
| 37 | പാലിയേറ്റീവ് കെയർ ആംബുലൻസ് -മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചു. | 3-20 | |
| 38 | ഭരണസമിതിയുടെ അനുമതിയില്ലാതെ പദ്ധതിക്ക് അംഗീകാരം നേടി | 3-21 | |
| 39 | പ്രോജക്ട് ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി | 3-22 | |
| 40 | സ്റ്റോർ പർചേസ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാതെ മേശയും കസേരയും വാങ്ങി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ലാത്ത | 3-23 | |

| | | | |
|---|---|---|---|
| | ഗുണഭോക്തൃലിസ്റ്റിലുള്ളവർക്ക് നൽകി – 345091/- രൂപ തടസ്സം | | |
| 41 | ദേശീയതൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-24 | |
| | ഭാഗം - 4 | | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 49 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24/03/2017 തീയതിയിലെ I -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 273095000/- രൂപ വരവും 20,32,90,600/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 92652371/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 85571778/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018 മുതൽ 23.06.2018 വരെ | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.1/1594/2018 തീയതി 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 15588832.00 |
| വരവ് | : | 77063539.00 |
| ആകെ | : | 92652371.00 |

| | | |
|---|---|---|
| ചെലവ് | : | 85571778.00 |
| നീക്കിയിരിപ്പ് | : | 7080593.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16467815 | 16467815 | 16467815 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4422038 | 4422038 | 4422038 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12243297 | 12243297 | 12243297 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3107926 | 3107926 | 3107926 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10305156 | 10305156 | 10305156 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 3220184 | 3220184 | 3220184 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 61473 | 1351036 | 1412509 | 1330863 | 81646 |
| ബി ഫണ്ട് | 0 | 887640 | 887640 | 887640 | 0 |
| ലിറ്ററസി | 20789 | 809 | 21598 | 0 | 21598 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7556067 | 11510000 | 19066067 | 17835140 | 1230927 |
| ഇ പേയ്മെന്റ് | 0 | 11124 | 11124 | 0 | 11124 |
| ടി.എസ്.സി. | 1712374 | 758277 | 2470651 | 2307374 | 163277 |
| ആരോഗ്യ ഇൻഷ്വറൻസ് | 457786 | 13734 | 471520 | 0 | 471520 |
| ദുരിതാശ്വാസനിധി | 20547 | 616 | 21163 | 0 | 21163 |
| തനത് ഫണ്ട് | 5663660 | 12702032 | 18365692 | 13348209 | 5017483 |
| ക്യാഷ് | 96136 | 61855 | 157991 | 96136 | 61855 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | `നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു ടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീ സർ | 4 | 1494000 | 4 | 1350000 | - | - | 100 |
| 2 | ഐ.സി.ഡി.എസ്. | 8 | 7530000 | 7 | 4798124 | 3 | 1 | 88 |
| 3 | എ.ഇ. | 123 | 45269268 | 74 | 23414888 | 0 | 49 | 60 |
| 4 | വി.ഇ.ഒ. | 4 | 1449000 | 2 | 475000 | 1 | 2 | 50 |
| 5 | വെറ്ററിനറി സർജൻ | 9 | 15350000 | 8 | 7942000 | - | 1 | 89 |
| 6 | സെക്രട്ടറി | 30 | 16809983 | 24 | 12269978 | 1 | 5 | 80 |
| 7 | എം.ഒ. പി.എച്ച്.സി. | 4 | 850000 | 4 | 551000 | | - | 100 |
| 8 | എം.ഒ. ഹോമിയോ | 1 | 200000 | 1 | 200000 | - | - | 100 |
| 9 | എം.ഒ. ആയുർവേദം | 1 | 350000 | 1 | 350000 | - | - | 100 |
| 10 | എച്ച്.എം. | 7 | 840682 | 6 | 531491 | - | 1 | 86 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1850000 | 1 | 1849746 | - | - | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 2148600 | 5 | 1180147 | 1 | - | 83 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61473 | 1351036 | 1412509 | 1330863 | 81646 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40014115 | 40014115 | 40014115 | 0 |
| ആകെ | 61473 | 41365151 | 41426624 | 41344978 | 81646 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 388440 | 676 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4002600 | 1558 |
| വിധവാപെൻഷൻ | 2791800 | 1026 |
| വാർദ്ധക്യകാല പെൻഷൻ | 5594400 | 2075 |
| വികലാംഗ പെൻഷൻ | 2002500 | 755 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 480000 | 11 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 126000 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.03.2019 4.00 PM ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7028/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. [(സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009)]. മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | പ്രതിമാസ ഓഫീസ് മീറ്റിംഗ് മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തുന്നില്ല<br>ഉദാ- വിവിധ കമ്മിറ്റികളുടെ |

| | | |
|---|---|---|
| | | മിനിട്സ് |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് |
| 11 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകുന്നുണ്ട്. PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യിട്ടില്ല |
| 12 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 13 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

<u>ii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല</u>

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത

കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനായി 2017-18 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 50000/- രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും [പ്രോജക്ട് നം 13/18(സ്പിൽ ഓവർ)] ആയത് നടപ്പിലാക്കിയിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധചെലുത്തിയിട്ടില്ല.

iii) ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്റർ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/07.03.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2019 | 01.01.2019 – 31.01.2019 | റിപ്പോർട്ട് ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2017-23.03.2017 | 2011-12 മുതൽ 2015-16 വരെ | 21.11.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. കുടിശ്ശിക ഡിമാന്റ് ഇനത്തിലെ വരവ്, നീക്കിയിരിപ്പ് എന്നിവയിൽ എ.എഫ്.എസിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേടുണ്ട്.

| ഇനം | B15-2016-17 (അരിയർ ഡിമാന്റ്) | RP 43 (2017-18 വർഷം) | B15 (2017-18 വർഷം) | യഥാർത്ഥത്തിൽ വരേണ്ടത് ബി15 |
|---|---|---|---|---|
| Property tax(Non res) | 2088295 | 1095436 | 264468.85 | 992859 |
| Property tax( res) | 2089562.85 | 1738185 | 938087 | 351377.85 |

2. 210100201-wages daily wages staff ( വൗച്ചർ നം 21700155) എന്ന ലെഡ്ജർ പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറുടെ വേതനമിനത്തിൽ 6/17 ൽ 18,495/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മസ്റ്റർ റോൾ പ്രകാരം 18,450/- രൂപയാണ് അനുവദനീയമായത്. അധികമായി 45/- രൂപ നൽകിയിരിക്കുന്നു.(ചെക്ക് നം 483324/1.06.17).

3. വാർഷിക ധനകാര്യപത്രിക, ചെലവുപത്രിക എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവുതുക വ്യത്യാസപ്പെട്ടിരിക്കുന്നു.

| പ്രോജക്ട് നം/പേര് | ചെലവ് (വാർഷിക ധനകാര്യപത്രിക പ്രകാരം) | ചെലവ് (ചെലവുപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|
| 54/18 (സമഗ്ര നെൽകൃഷി വികസനം) | 2,00,000 | 1,15,000 | 85,000/- |
| 61/18(ജൈവസമൃദ്ധി-പച്ചക്കറികൃഷി ) | 3,25,800 | 2,85,000 | 40,800/- |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ബജറ്റ് ഫയൽ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റിൽ പരിശോധിക്കാനായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ (നം. 5/11.03.19)ത്തിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 30.01.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 26.05.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 09.03.17 |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 18.03.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 24.03.2017 |

ബജറ്റും ചെലവുകളുടെ നിയന്ത്രണവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നതാണ്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയാറാക്കി അംഗീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ട്രേഡേഴ്സ് ലിസ്റ്റ് ചട്ടപ്രകാരം തയാറാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്ന വേളയിൽ നിലവിലെ വരുമാന സ്രോതസ്സ് ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് 1996 ലെ കേ.പ.രാ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 5 ലെ മാതൃകയിൽ സൂക്ഷിക്കേണ്ടതും, ചട്ടം 10 പ്രകാരമുള്ള ലൈസൻസ് പുതുക്കാൻ നിർദ്ദേശം നല്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമം പാലിച്ചതിന് രേഖകളില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പ്രകാരം 19.06.17, 08.08.17 തീയതികളിൽ ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചതായ രേഖകളില്ല. വ്യാപാരികളും വ്യവസായികളും ഒടുക്ക് വരുത്തിയ ലൈസൻസ് ഫീയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്ററ് ആണ് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണത്തിന് (നം 10/25.09.18) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 425 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ തൻവർഷം ആകെ 246 (അവലംബം-ഡി ആന്റ് ഒ രജിസ്റ്റർ) സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളു.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി- അപാകതകൾ

(എ)രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1)അസ്സസ്മെൻറ് രജിസ്റ്റർ- നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെൻറ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്തീരാജ്(നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം.എന്നാൽ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2)ഡിമാൻറ് രജിസ്റ്റർ-തദ്ദേശസ്വയംഭരണസ്ഥാപനത്തിൻെറ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്റർ, തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങളും വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്.

(3)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ - മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽ ചേർക്കണം.എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

(ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ഐ.ഒ.ബി ചാരോട്ടുകോണം | 1,2 | 2500 |
| 2 | കെ.എസ്.ഇ.ബി | 1,2 | 2500 |
| 3 | മാവേലിസ്റ്റോർ | 1,2 | 2500 |
| 4 | കാരോട് ക്ഷീരോത്പാദക സഹകരണ സംഘം | 2 | 1250 |
| 5 | കുന്നിയോട് ക്ഷീരോത്പാദക സഹകരണ സംഘം | 2 | 1250 |
| 6 | അയിര ക്ഷീരോത്പാദക സഹകരണ സംഘം | 1,2 | 2500 |
| 7 | മുത്തൂറ്റ് ഫിനാൻസ്, ഉച്ചക്കട | 2 | 1250 |
| 8 | സരസ്വതി കോളേജ് ഓഫ് നഴ്സിംഗ് | 1,2 | 2500 |
| 9 | സ്മാർട്ട് മോട്ടേഴ്സ് , ഉച്ചക്കട | 1,2 | 2500 |
| | ആകെ | | 18,750/- |

സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(സി)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | ഒന്നാം, രണ്ടാം അർദ്ധവർഷം |
| 2 | സ്മാർട്ട് മോട്ടേഴ്സ് പഴയഉച്ചക്കട | രണ്ടാം അർദ്ധവർഷം |
| 3 | ദേവസ്വം ഓഫീസ്, പൊഴിയൂർ | രണ്ടാംഅർദ്ധവർഷം |
| 4 | ഗവ.ഹയർസെക്കന്ററി സ്കൂൾ, അയിര | രണ്ടാംഅർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 32/14.03.19)സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ സ്ഥാപനനികുതി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 5 ആടുഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഫാമുകൾക്ക് ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 42/15.03.19ന് ലഭ്യമാക്കിയ മറുപടിയിൽ ഫാമുകൾക്ക് നിലവിൽ ലൈസൻസ് നൽകിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

ഫാമുകൾക്ക് 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ (7)പ്രകാരം ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്ക വരുത്തുന്നത്. ഗ്രാമപഞ്ചായത്ത് 50 പ്രവൃത്തികൾക്കു ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 1,73,220/- രൂപ ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം.2/07.03.2019 നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസവേതനക്കാരനായ ഡ്രൈവർക്ക് യൂണിഫോം അലവൻസ് നൽകി- 2400/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർ ശ്രീ.പി.ആർ.ഷിജുവിന് യൂണിഫോം അലവൻസായി 2400/- രൂപ ചെക്ക് നം.480789/26.03.18 (വൗച്ചർ നം.217001117/26.03.2018) പ്രകാരം അനുവദിച്ചു. ടി ജീവനക്കാരനെ 07.04.2018 ൽ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ദിവസവേതന ജീവനക്കാർക്ക് ജോലി ചെയ്യുന്ന ദിവസത്തെ വേതനത്തിന് മാത്രമാണ് അർഹതയുള്ളത്. സ്ഥിരം ജീവനക്കാർക്ക് ബാധകമായ അലവൻസുകൾ ദിവസവേതന ജീവനക്കാർക്ക് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ നിലവിലില്ല.

ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം അലവൻസ് നൽകിയത് എന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.21/12.03.2019) ഭരണസമിതിയുടെ 05.03.2018 തീയതിയിലെ 16(1)-ാം നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഡ്രൈവർക്ക് യൂണിഫോം അലവൻസ് അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കി.

ദിവസവേതനത്തിൽ ജോലി ചെയ്യുന്നയാൾക്ക് യൂണിഫോം അലവൻസിന് തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2400/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 അഡ്വക്കേറ്റുമാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ 220510102 (Legal expenses other than recoveries) എന്ന ലെഡ്ജർ പ്രകാരം, അഡ്വക്കേറ്റ് ഫീസിനത്തിൽ 60,000/- രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം 1961, വകുപ്പ് 194 ജെ പ്രകാരം സാമ്പത്തിക വർഷം 30,000/- രൂപയിൽ അധികരിച്ച് നൽകുന്ന തുകയ്ക്ക് അഡ്വക്കേറ്റുമാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 10% ആദായനികുതി ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അഡ്വക്കേറ്റിന്റെ പേര് | നൽകിയതുക | ആദായനികുതി കണക്കാക്കേണ്ട വരുമാനം | ആദായനികുതിയായി ഈടാക്കേണ്ട തുക | വൗച്ചർ/ചെക്ക് നം/തിയതി |
|---|---|---|---|---|
| അഡ്വ.രവീന്ദ്രൻ പിള്ള | 30,000<br>30,000 | 30000 | 3000 | 493016/08.11.17 – Rs 30,000/-<br>483314/29.05.17 /30000/- |
| | | 30000 | 3000 | |

ആദായനികുതി ബന്ധപ്പെട്ട അഡ്വക്കേറ്റിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/13.03.19) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഇ.എം.എസ് ഭവനവായ്പാ നിരക്ക്- കരാർ വ്യവസ്ഥകൾ സർക്കാർ ഉത്തരവിന് വിരുദ്ധം

ഇ.എം.എസ് ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധികധനസഹായം നൽകുന്നതിനായി സ.ഉ (എം.എസ് ) നം 90/13 ത.സ്വ.ഭ.വ തിരുവനന്തപുരം തീയതി 14.03.2013 ന്റെ അടിസ്ഥാനത്തിൽ പൊൻവിള സർവീസ് സഹകരണ ബാങ്കിൽ നിന്നും 3157009/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി ഒൻപത് രൂപ) 04.10.2014 ൽ പഞ്ചായത്ത് വായ്പയെടുത്തിട്ടുണ്ട്.(ലോൺ നം 2).

പഞ്ചായത്ത് ഭരണസമിതിയുടെ 28.12.2013ലെ 22 –ാം നമ്പർ തീരുമാന പ്രകാരം സർക്കാർ നിരക്കിലുള്ള പലിശയ്ക്ക് നെഗോസിയേഷൻ നടത്തിയ ശേഷം 11.75% പലിശനിരക്കിൽ വായ്പ ലഭ്യമാകുന്ന തരത്തിൽ ബാങ്കുമായി 08.07.2014ൽ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ.ഉ (എം.എസ് ) നം 90/13 ത.സ്വ.ഭ.വ തിരുവനന്തപുരം തിയതി 14.03.2013 ഖണ്ഡിക 5 പ്രകാരം ഇ.എം.എസ് ഭവനവായ്പയ്ക്ക് 10.75% വരെയുള്ള പലിശനിരക്ക് മാത്രമേ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുള്ളൂ. 10.75% ൽ അധികരിക്കുന്ന ഏതൊരു പലിശ തുകയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് പൊൻവിള സർവീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയ്ക്ക് പലിശ കണക്കാക്കിയിരിക്കുന്നത്. കരാറിന്റെ ഖണ്ഡിക 3 പ്രകാരം 11.75% നിരക്കിൽ പലിശ കണക്കാക്കുന്നതിനും ആയത് സർക്കാർ മുഖേന അടവാക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഈ വിവരം സർക്കാരിനെയോ ഭരണവകുപ്പിനെയോ അറിയിച്ച് ആവശ്യമായ സാധൂകരണം തേടിയിട്ടില്ല. ലോൺ പാസ് ബുക്ക് പ്രകാരം ഓഡിറ്റ് സമയം വരെ പലിശയിനത്തിൽ സർക്കാർ തുകയൊന്നും ബാങ്കിലേയ്ക്ക് അടവാക്കിയിട്ടില്ലായെങ്കിലും സർക്കാരിന് അധിക ബാധ്യത വന്നുചേരാവുന്ന സാധ്യതയുള്ളതിനാൽ ഈ അപാകത ഭരണവകുപ്പിന്റെയും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 കേരളോത്സവം - അധികമായി തുക ചെലവഴിച്ചു

| | | |
|---|---|---|
| പ്രോജക്റ്റ് നം | : | 56/17-18 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക | : | 75000/- |
| ചെലവ് തുക | : | 74960/- |
| ചെക്ക് നം./തീയതി | : | 486046/11.08.17-15000/- |
| 486047/10.08.17 | : | 20945/- |
| 486051/14.08.17 | : | 12000/- |
| 486052/14.08.17 | : | 1115/- |
| 486052/14.08.17 | : | 8500/- |

| | | |
|---|---|---|
| 486056/16.08.17 | : | 17400/- |

സ.ഉ(സാധാ)നം2160/2017/ത.സ്വ.ഭ.വ തീയതി 28.06.17 പ്രകാരം 2017-ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് 55,000/- (പരമാവധി തുക) പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി 74960/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ ചെലവ് പത്രികയിൽ 75000/- രൂപ ആണ് ചെലവായി ചേർത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം38/19-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ചെലവുകൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നാണ് അറിയിച്ചത്. ആയത് തൃപ്തികരമല്ല. അധികമായി ചെലവഴിച്ച 19,960/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 കരാറിലേർപ്പെടാതെ നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകുന്നു

സ.ഉ (എം.എസ്)നം.72/2017 ത.സ്വ.ഭ.വ തീയതി 29.03.17 ഖ.8.3(17) പ്രകാരം ഒരു നിക്ഷേപപ്രവൃത്തിക്ക് കേരളജലഅതോറിറ്റി, കേരളസംസ്ഥാനവൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. കൂടാതെ തദ്ദേശഭരണസ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധന പാലിക്കാതെ 56/17-18, 87/17-18, 208/17-18 തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി-ക്ക് മുൻകൂറായി തുക നൽകി. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/19-ന് കെ.എസ്.ഇ.ബി യുടെ മൂന്ന് സബ്ഡിവിഷനുകളിൽ ഒരു സബ് ഡിവിഷനിൽ നിന്നുള്ള എസ്റ്റിമേറ്റ് മാത്രമാണ് ലഭിച്ചിട്ടുള്ളത് (പ്രോ.നം.87/18) എന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഭാവിയിൽ നിക്ഷേപപ്രവൃത്തികളുടെ നടത്തിപ്പിനായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുമ്പോൾ ഉത്തരവുകൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/തീയതി ബിൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| i) | 56/17-18 | പുതിയ ഇലക്ട്രിക് പോസ്റ്റിട്ട് ലൈൻ വലിക്കൽ | 50,000 | 42,250 | 49/28.03.18 തുക – 42250 | സെക്രട്ടറി |
| ii) | 87/17-18 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 40,00,000 | 40,00,000 | 25/29.10.17 തുക–12,00,000<br>26/29.10.17 തുക - 4,00,000<br>27/29.10.17 തുക - 20,00,000<br>28/29.10.17 തുക - 4,00,000 | സെക്രട്ടറി |
| iii) | 208/17-18 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 4,53,600 | 4,53,600 | 32/11.01.18 തുക – 72,000 33/11.01.18 തുക – 3,81,600 | സെക്രട്ടറി |
| iv) | 53/17-18 | ജലശ്രീ | 1,00,000 | 1,00,000 | 22/21.10.17 തുക – 1,00,000 | സെക്രട്ടറി |
| v) | 67/17-18 | പ്രത്യേക കന്നുകുട്ടി പരിപാലനം | 10,00,000 | 2,50,000 | 1/18.11.17 തുക. 2,50,000 | വെറ്റിനറി സർജൻ |

| | | | |
|---|---|---|---|
| ആകെ | 48,45,850/- | | |

ഈ വിഷയത്തിന്ന നൽകിയ ഓഡിറ്റ് അന്വേഷണം നം.12/19, 16/19 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 48,45.850/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ജൈവസമൃദ്ധി പച്ചക്കറി കൃഷി സബ്സിഡി തുക വ്യക്തിഗത അക്കൗണ്ടുകൾ വഴി നൽകി.

ജൈവ പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ വേണ്ടി 57 കുടുംബശീ സംഘങ്ങൾക്ക് 60 യൂണിറ്റുകൾ എന്ന രീതിയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. യൂണിറ്റിന് വിത്ത്, ജൈവവളം എന്നിവയ്ക്കായി 4000/- രൂപയും കൂലി ചെലവ് ഇനത്തിൽ 680/- രൂപയും നൽകി. പദ്ധതി രേഖകൾ പരിശോധിച്ചതിൽ 9 സംഘങ്ങൾക്കുള്ള ധനസഹായം വ്യക്തിഗത അക്കൗണ്ടുകളിൽ നിക്ഷേപിച്ചതായി കണ്ടെത്തി.

| കുടുംബശ്രീ യൂണിറ്റിന്റെ പേര് | അക്കൗണ്ട് ഉടമയുടെ പേര് |
|---|---|
| സുവർണ്ണ | ക്രിസ്റ്റൽ ജയന്തി |
| പവിത്രം | വിജയൻ |
| സ്നേഹരൂപി | വിജീലാ മേരി |
| സൂര്യകാന്തി | ജയലത |
| ന്യൂ ഇലവൻ സ്റ്റാർ | അപ്പു |
| നന്ദനം | ലില്ലി |
| നിത്യകന്യക | ശശികല |
| പോപ്പുലർ | അൽഫോൻസ |

ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ തീയതി.03.04.17 പ്രകാരം ഗ്രൂപ്പുകൾക്ക് ധനസഹായം അനുവദിക്കേണ്ടത് ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിലാണ്. ധനസഹായം വ്യക്തിഗത അക്കൗണ്ടുകൾ മുഖേന നൽകിയതിനെ കുറിച്ച് നൽകിയതിന്റെ വിശദീകരണം (അന്വേഷണക്കുറിപ്പ് 25/19 ന്റെ മറുപടി) തൃപ്തികരമല്ല. വരും വർഷങ്ങളിൽ ഗ്രൂപ്പുകൾക്കുള്ള ധനസഹായം ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിൽ നൽകേണ്ടതാണ്.

മറ്റ് പ്രധാന അപാകങ്ങൾ

എ) കുടുംബശ്രീയൂണിറ്റുകൾ പച്ചക്കറികൃഷിക്ക് വസ്തു പാട്ടത്തിന് എടുത്താണ് കൃഷി ചെയ്യുന്നത്. എന്നാൽ 21 കുടുംബശ്രീ യൂണിറ്റുകൾ പാട്ടകൃഷിച്ചീട്ടുകൾ ഹാജരാക്കിയിട്ടില്ല.

ബി)പദ്ധതി പ്രകാരം ധനസഹായം ലഭിച്ച 10 കുടുംബശ്രീയൂണിറ്റുകൾ 2017-18ൽ സി.ഡി.സി- അംഗത്വം പുതുക്കിയിട്ടില്ല. മേൽ അപാകങ്ങൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 15,000/-രൂപ തടസ്സം

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | എ.ബി.സി. പദ്ധതി |
| പദ്ധതി നമ്പർ | : | SO068/17-18 |
| അടങ്കൽ തുക | : | 1,00,000/-രൂപ തനത് ഫണ്ട് |
| ചെലവ് തുക | : | 1,00,000/-രൂപ |

| | | |
|---|---|---|
| ചെക്ക് നം. | : | 1095816 തീയതി 26/02/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വെറ്ററിനറി സർജൻ |

പഞ്ചായത്ത് പരിധിയിലെ തെരുവ് നായ്ക്കളുടെ എണ്ണം കുറച്ച് കൊണ്ടു വരുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 50 തെരുവ് നായ്ക്കളെ വന്ധീകരിച്ചതിന് ഒരു തെരുവ് നായയ്ക്ക് 2,100/-രൂപ എന്ന നിരക്കിൽ 1,00,000/-രൂപയിൽ പരിമിതപ്പെടുത്തി നൽകി. 30/03/2018-ലെ 2388/E3/2016/KSTVM നമ്പർ കത്ത് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ 1,05,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഉടൻ ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു.

ജില്ലാ കുടുംബശ്രീ മിഷന്റെ നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കിയ ഗോൾഡ് M.E. യൂണിറ്റ് നെയ്യാറ്റിൻകര എന്ന കുടുംബശ്രീ യൂണിറ്റ് 08/02/2018-ന് നിർവഹണഉദ്യോഗസ്ഥന് നൽകിയ വൗച്ചറുകൾ പരിശോധിച്ചതിൽ 15,000/-രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഡോക്ടറുടെ ശമ്പളം | 20,000/- |
| തെരുവ് നായ്ക്കളെ വന്ധീകരിച്ച ഗ്രൂപ്പിന് ലഭിച്ച തുക | 17,500/- |
| തെരുവ് നായ്ക്കൾക്ക് നൽകിയ ആഹാരത്തിനുള്ള ചെലവ് | 5,000/- |
| തെരുവ് നായ്ക്കളെ ക്യാമ്പ് ചെയ്ത ഇനത്തിൽ ഉള്ള ചെലവ് | 7,500/- |
| തെരുവ് നായ്ക്കൾക്ക് സർജറി ചെയ്യാൻ മരുന്നിന് ചെലവായ തുക | 25,000/- |
| വാഹന വാടക | 10,000/- |
| ആകെ | 85,000/- |

വിനിയോഗ സാക്ഷ്യപത്രം, വൗച്ചറുകൾ എന്നിവയെക്കുറിച്ച് നൽകിയ 18/19 നമ്പർ അന്വേഷണക്കുറിപ്പിന് സമർപ്പിച്ച മറുപടിയിൽ 50 തെരുവ് നായ്ക്കളെ വന്ധീകരിച്ചതിന് 1,05,000/-രൂപ നൽകേണ്ടതിന് പകരം പദ്ധതി അടങ്കൽ തുകയായ 1,00,000/-രൂപ മാത്രമാണ് നൽകിയതെന്നും 5,000/-രൂപ ഇനിയും നൽകാനുണ്ടെന്നും അറിയിച്ചു. ഇപ്രകാരമുള്ള മറുപടി തൃപ്തികരമല്ല. വിനിയോഗ സാക്ഷ്യപത്രം എത്രയും പെട്ടെന്ന് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം 15,000/-രൂപയുടെ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 15,000/-രൂപ തടസ്സം ചെയ്യുന്നു.

## 3-9 സംയുക്ത പ്രോജക്റ്റുകൾ - ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ പ്രോജക്റ്റിൽ രേഖപ്പെടുത്താതെ ചെലവഴിച്ചു.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ SO054/17-18 (സമഗ്രനെൽകൃഷി വികസനം) SO061/17-18 (ജൈവ സമൃദ്ധി പച്ചക്കറി കൃഷി) എന്നീ പദ്ധതികളുടെ അടങ്കൽ തുകകളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം പ്രോജക്റ്റിൽ ചേർക്കാതെ അംഗീകാരം വാങ്ങിയ ശേഷം സംയുക്ത പ്രോജക്റ്റുകളുടെ തുക ചേർത്ത് ചെലവഴിച്ചു.

a) SO054/17-18 പ്രകാരമുള്ള സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയ്ക്ക് വികസനഫണ്ട് 1,15,000/-രൂപയും ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവ് ഇനത്തിൽ 17,000/-രൂപയും ഉൾപ്പെടെ അടങ്കൽ തുകയായ 1,32,000/-രൂപ വകയിരുത്തി ഡി.പി.സി. അംഗീകാരം വാങ്ങി. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 15/03/2018-ലെ 1095820 നമ്പർ ചെക്ക് മുഖാന്തിരം കൂലി ചെലവിനായി ലഭിച്ച ബ്ലോക്ക് വിഹിതമായ 85,000/-രൂപയും ചേർത്ത് ആകെ 2,00,000/-രൂപ (ബിൽ നം.1/17-18 51,000/-രൂപ തീയതി 14.11.2017, ബിൽ നം.2/17-18 64,000/- തീയതി 06.01.2018, ചെക്ക് നം.1095820 തീയതി 15.03.2018 85,000/-രൂപ) ചെലവഴിച്ചു. എന്നാൽ സംയുക്ത പ്രോജക്റ്റ് പ്രകാരം എന്ന രീതിയിൽ പ്രോജക്റ്റ് ഭേദഗതി ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതമായ 85,000/-രൂപ കൃഷി ഡിപ്പാർട്ട്മെന്റ് വഴി ലഭിച്ചതായും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

SO061/17-18 നമ്പർ ആയ ജൈവസമൃദ്ധി പച്ചക്കറികൃഷി എന്ന സംയുക്ത പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും

2,85,000/-രൂപയും ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കൽ) ഇനത്തിൽ 1,08,000/-രൂപയും വകയിരുത്തി 3,93,000/-രൂപയുടെ അടങ്കൽ തുകയ്ക്ക് ഡി.പി.സി. അംഗീകാരം വാങ്ങിയ ശേഷം ബിൽ നം.3/17-18, 5/17-18 എന്നിവ പ്രകാരം 2,85,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായ 20,400/-രൂപയും (ചെക്ക് നം.JC.4827/22 തീയതി 20/03/2018), ബ്ലോക്ക് വിഹിതമായ 20,400/-രൂപ (ബിൽ നം.JC 4827/23 തീയതി 20/03/2018) ഉൾപ്പെടെ 3,25,800/-രൂപ ചെലവഴിച്ചു. ഇതിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം പ്രോജക്ടിലോ, ചെലവ് രേഖയിലോ കാണിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകളിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും രേഖപ്പെടുത്തി അംഗീകാരം വാങ്ങിയ ശേഷം ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ചേർത്ത് പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധവും പദ്ധതി ആസൂത്രണത്തിന്റെ പോരായ്മയാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകങ്ങൾ വരും വർഷങ്ങളിൽ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-10 മൃഗസംരക്ഷണം -ഭൗതികനേട്ടം കൈവരിച്ചില്ല.

12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിലും (2012-2016), 13-ാം പഞ്ചവത്സര പദ്ധതിയുടെ 2016-2017, 2017-2018 വർഷങ്ങളിലും വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ആട്ടുവളർത്തൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഫണ്ട് വിനിയോഗത്തിനനുസരിച്ച് ആടുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ലായെന്ന് കണ്ടെത്തി. വിശദ വിവരം താഴെ ചേർക്കുന്നു,

| പദ്ധതിയുടെ പേര് | വർഷം | വിഭാഗം | തുക | ആടുകളുടെ എണ്ണം |
|---|---|---|---|---|
| ആട് വളർത്തൽ | 2012-13 | വനിത | 810000 | 270 |
| | | വൃദ്ധർ/വികലാംഗർ | 201250 | 113 |
| | | എസ്.സി.പി. | 360000 | 45 |
| ആട് വളർത്തൽ | 2013-14 | വനിത | 1995000 | 665 |
| | | വൃദ്ധർ/വികലാംഗർ | 804000 | 268 |
| | | എസ്.സി.പി. | 500000 | 125 |
| ആട് വളർത്തൽ | 2014-15 | വനിത | 2394000 | 266 |
| | | വൃദ്ധർ/വികലാംഗർ | 855000 | 95 |
| | | എസ്.സി.പി. | 990000 | 66 |
| ആട് വളർത്തൽ | 2015-16 | വനിത | 1710000 | 190 |
| | | വൃദ്ധർ/വികലാംഗർ | 684000 | 62 |
| | | എസ്.സി.പി. | 558000 | 76 |
| ആട് വളർത്തൽ | 2016-17 | വനിത | 1785000 | 178 |
| | | വൃദ്ധർ/വികലാംഗർ | 666000 | 66 |
| | | എസ്.സി.പി. | 1230000 | 102 |
| ആട് വളർത്തൽ | 2017-18 | വനിത | 2850000 | 285 |
| | | വൃദ്ധർ | 1330000 | 133 |

| | | | | |
|---|---|---|---|---|
| | | എസ്.സി.പി. | 2052000 | 171 |
| | | വികലാംഗർ | 950000 | 95 |
| ആകെ | | | 22724250 | 3271 |

2012 -ലെ കന്നുകാലി സെൻസസ് അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ആകെ ആടുകളുടെ എണ്ണം 4168 ആണ്. 2012മുതൽ 2.27കോടി രൂപ ചെലവാക്കിയിട്ടും 2017-2018 വർഷത്തിലും പഞ്ചായത്തിൽ ആകെ ആടുകളുടെ എണ്ണം 4168 ആണെന്ന് 2017-2018 വർഷത്തിൽ തയാറാക്കിയ സ്റ്റാറ്റസ് റിപ്പേർട്ട് ചൂണ്ടിക്കാണിക്കുന്നു. 2012നു ശേഷം ആടുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല എന്നാണ് 2017-18 വർഷത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും പർച്ചേയ്സ് കമ്മിറ്റിയും നിർവഹണ ഉദ്യോഗസ്ഥനും പദ്ധതി ശരിയായ രിതിയിൽ മോണിറ്ററിംഗ് ചെയ്തിട്ടില്ലായെന്ന് വിലയിരുത്തുന്നു.

അഞ്ച് സാമ്പത്തിക വർഷവും തുടർച്ചയായി ആട് വിതരണം നടത്തിയിട്ടും ആടിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ലായെന്നത് പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്ത് പുനരവലോകനം നടത്തേണ്ടതിന്റെ ആവശ്യകത കൂടിയാണ് വ്യക്തമാക്കുന്നത്. ആടുകളെ സംസ്ഥാനത്തിന് പുറത്തു നിന്നോ, സർക്കാർ ഫാമുകളിൽ നിന്നോ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയാൽ മാത്രമേ പഞ്ചായത്തിലെ മൃഗ സമ്പത്ത് വർദ്ധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവഹിക്കുന്നു.

29.03.2017-ലെ ജി.ഒ(എം.എസ്)72/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/.7.03.2019) മറുപടി ലഭ്യമാക്കിയില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതും, റോഡ് വികസനം, പരിപാലനം എന്നിവ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559 /2010/സി.ഇ.ത.സ്വ.ഭ.വ. തീയതി 23.08.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ സമിതി അംഗീകരിച്ചിട്ടില്ല. കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുത്തതല്ലാതെ പ്രവൃത്തികളുടെ നിർവഹണത്തിലും, വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിലും സമിതി ഇടപെട്ടിട്ടില്ല. വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്ത വിവരം തയ്യാറാക്കിയിട്ടില്ല. ബിൽതുക കൺവീനറുടെയും, ചെയർമാന്റെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലേക്കാണ് അനുവദിക്കേണ്ടത്. എന്നാൽ കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

എ) വൗച്ചറുകളുടെ അഭാവത്തിലും ചെലവ് തുക അനുവദിച്ചിരിക്കുന്നു.

ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗുണഭോക്തൃസമിതിക്കുണ്ടായ യഥാർത്ഥ ചെലവ് (വൗച്ചറുകൾ പ്രകാരമുള്ളത്) പരിഗണിക്കാതെ ബിൽ പ്രകാരമുള്ള തുക തന്നെ കൺവീനർക്കു അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | കൺവീനർ | ചെലവ് തുക | ബിൽ നം., തീയതി | ലഭ്യമായ വൗച്ചറുകളിലെ തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 36/18 | പന്തടികളം ചീനിവിള ഫുട്പാത്ത് കോൺക്രീറ്റ് | അനിൽകുമാർ | 193326 | 18/16.08.2017 | 190250 | 3076 |

| | | | | | | |
|---|---|---|---|---|---|---|
| 32/18 | ആലുവിള കുഴിഞ്ഞാൻവിള റോഡ് മെറ്റലിംഗ് | രവി | 125290 | 20/31.08.2017 | 70300 | 54990 |
| 28/18 | ദേവപുര റോഡ് അറ്റകുറ്റപ്പണി | കേശവൻ | 497310 | 25/10.2017 | ലഭ്യമായില്ല | തിട്ടപ്പെടുത്താനായില്ല |
| 31/18 | ലക്ഷം വീട് ഹരിജൻ കോളനി പുനരുദ്ധാരണം | റജി. ആർ | 324774 | 10/04.07.2017 | ലഭ്യമായില്ല | തിട്ടപ്പെടുത്താനായില്ല |
| 44/18 | തെമ്മാനം വിള ഞാറക്കാല റോഡ് സൈഡ് വാൾ | സുമതി | 497727 | 8/21.06.2017 | ലഭ്യമായില്ല | തിട്ടപ്പെടുത്താനായില്ല |
| 47/18 | പട്ടവിള ഓട നിർമ്മാണം | സുരേഷ് എസ് | 207643 | 1/21.06.2017 | ലഭ്യമായില്ല | തിട്ടപ്പെടുത്താനായില്ല |

ലഭ്യമാക്കിയ ചെലവു വൗച്ചറുകളിലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/08.03.2019) കൺവീനർ ലഭ്യമാക്കിയ വൗച്ചറുകൾ ഓഫീസ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾക്കിടെ നഷ്ടപ്പെട്ടതായി കരുതുന്നതായും, ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികളിൽ വൗച്ചറുകളേക്കാൾ കുറഞ്ഞ തുക മാത്രമാണ് അനുവദിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. വൗച്ചറുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നതിനും, ഓഡിറ്റിനു വിധേയമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 നീക്കം ചെയ്ത സാധനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമല്ല

വിവിധ പ്രവൃത്തികൾ പ്രകാരം നീക്കം ചെയ്യപ്പെട്ട സാധനസാമഗ്രികൾ പുനരുപയോഗിച്ചത്, ലേലം കൊണ്ടതു സംബന്ധിച്ച വിവരങ്ങൾ അളവു പുസ്തകത്തിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോ. നം. 27/18 പേചന്ത അംഗൻവാടി അറ്റകുറ്റപ്പണി പദ്ധതി പ്രകാരം 38.05$m^2$ അളവിൽ പഴയ ജി. എസ്. ഷീറ്റ് റൂഫ് നീക്കം ചെയ്തിട്ടുണ്ട് (എം ബുക്ക് നം. 321/16-17).

ബി) പ്രോ. നം. 17/18 104ാം നമ്പർ അംഗൻവാടി അറ്റകുറ്റപ്പണി പദ്ധതി പ്രകാരം 50.34$m^2$ അളവിൽ പഴയ ജി.ഐ. ഷീറ്റ് റൂഫ് നീക്കം ചെയ്തിട്ടുണ്ട് (എം ബുക്ക് നം. 373/16-17).

സി) 162/18 കോണത്തു വിള കിണർ പുനരുദ്ധാരണം പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മോട്ടോർ പമ്പ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഭരണസമിതിയുടെ 05.03.2018 ലെ തീരുമാനം 21(1) പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നും നിലവിലുള്ള ടാങ്ക് മതിയെന്നും ഗുണഭോക്താക്കൾ നിർദ്ദേശിച്ചതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് ആവശ്യമുള്ള മറ്റു പണികൾ ചെയ്യേണ്ടതിനാൽ പ്രോജക്ട് തുക അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി. ഇതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ 3000 ലിറ്റർ ടാങ്ക് മാറ്റി 2000 ലിറ്റർ ടാങ്ക് ഉൾപ്പെടുത്തിയും, ' the capacity of proposed 3000 litres is not necessary and replaced the damaged tank with the same capacity of 2000 litres as per the request of beneficiaries and requirement of water source.'എന്നും കുറിപ്പ് രേഖപ്പെടുത്തി, പ്രവൃത്തി നിർവഹിച്ചിട്ടുണ്ട് (എം ബുക്ക് നം.06/2017-18). എന്നാൽ ഡാമേജ് വന്ന വാട്ടർ ടാങ്ക് എന്തു ചെയ്തുവെന്ന് വ്യക്തമല്ല; ഭരണസമിതി തീരുമാനത്തിനു വിരുദ്ധമായി പ്രവൃത്തി നിർവഹിക്കുവാനുള്ള കാരണവും വ്യക്തമല്ല.

നീക്കം ചെയ്ത സാധനങ്ങൾ പുനരുപയോഗിച്ചത് / ലേലം ചെയ്തതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനും, ഭരണസമിതി അംഗീകാരത്തിൽ നിന്നു വ്യതിചലിച്ച് പ്രവൃത്തി നിർവഹിക്കുവാനുള്ള സാഹചര്യം എന്നിവ വിശദമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 33/14.03.2019, 41/15.03.2019) മറുപടി ലഭ്യമാക്കിയില്ല. G.O.(P)No.13/2012/PWD തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2919.3 പ്രകാരം ഇളക്കി മാറ്റിയ

സാധനങ്ങൾ നിശ്ചിത മാതൃകയിൽ അക്കൗണ്ട് ചെയ്യേണ്ടതും, പുനരുപയോഗിക്കാവുന്ന സാധനങ്ങൾ ഉപയോഗപ്രദമാക്കേണ്ടതാണെന്നും, മറ്റുള്ളവ ഭൗതിക പരിശോധന നടത്തി പൊതുലേലം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. വകുപ്പ് തല സാധനങ്ങളുടെ ശരിയായ അക്കൗണ്ടിംഗ്, ഉപയോഗം എന്നിവ ഉറപ്പാക്കണമെന്ന് 14.12.2017 ലെ നം. InspTech-3/180/2015-N കത്തിലൂടെ ഫിനാൻസ് ഇൻസ്പെക്ഷൻ വിങ് ചീഫ് ടെക്നിക്കൽ എക്സാമിനറും നിർദ്ദേശിച്ചിട്ടുണ്ട്. നീക്കം ചെയ്ത സാധനങ്ങൾ പുനരുപയോഗിക്കുവാനും, പുനരുപയോഗിക്കുവാൻ സാധിക്കാത്ത സാധനങ്ങളിന്മേൽ ലേല നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 കോൺക്രീറ്റിംഗ് ചെയ്യുന്നതിന് അധിക നിരക്ക് അനുവദിച്ചു. അധിക ചെലവ് 9019/- രൂപ

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ ഇനങ്ങൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു.

DSR 2016

കോൺക്രീറ്റിംഗ് 1:2.5:5 അംഗീകൃത നിരക്ക്.(Mord 11.4.2.1)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| cement | tonne | 0.275 | 5792.24 | 1592.87 |
| Coarse sand at site | Cum | 0.48 | 1303.77 | 625.81 |
| 40 mm aggregate | Cum | 0.48 | 1362.79 | 654.14 |
| 20 mm aggregate | Cum | 0.24 | 1403.77 | 336.9 |
| 10 mm aggregate | Cum | 0.08 | 1403.77 | 112.30 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.1 | 487 | 48.70 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4153.01 |
| Add Overhead @ 10% | | | | 415.30 |
| Add CP | | | | 456.83 |
| Total | | | | 5025.14 |
| Cost Index @44.12% | | | | 2217.09 |
| Total for 1Cum | | | | 7242.23 |
| Cost Index @50.98% | | | | 2561.82 |
| Total for 1Cum | | | | 7586.96 |

കോൺക്രീറ്റിംഗ് 1:2:4 അംഗീകൃത നിരക്ക്.(Mord 11.4.4)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| cement | tonne | 0.35 | 5792.24 | 2027.28 |
| Coarse sand at site | Cum | 0.45 | 1303.77 | 586.70 |
| 20 mm aggregate | Cum | 0.54 | 1403.77 | 758.04 |
| 10 mm aggregate | Cum | 0.36 | 1403.77 | 505.36 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.12 | 487 | 58.44 |
| Mazdoor (unskilled) | Day | 1.73 | 368 | 636.64 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4754.91 |
| Add Overhead @ 10% | | | | 475.49 |
| Add CP | | | | 523.04 |
| Total | | | | 5753.44 |
| Cost Index @44.12% | | | | 2538.42 |
| Total for 1Cum | | | | 8291.86 |

കോൺക്രീറ്റിംഗ് 1:2:4 അംഗീകൃത നിരക്ക്.(Mord 11.4.3.1)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| cement | tonne | 0.33 | 5792.24 | 1911.44 |
| Coarse sand | Cum | 0.45 | 1303.77 | 586.70 |
| 40 mm aggregate | Cum | 0.36 | 1362.79 | 490.60 |
| 20 mm aggregate | Cum | 0.36 | 1403.77 | 505.36 |
| 10 mm aggregate | Cum | 0.18 | 1403.77 | 252.68 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.1 | 487 | 48.7 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4577.77 |
| Add Overhead @ 10% | | | | 457.78 |

| | | | | |
|---|---|---|---|---|
| Add CP | | | | 503.56 |
| Total | | | | 5539.11 |
| DSR 2016<br>Cost Index @44.12% | | | | 2443.86 |
| Total for 1Cum | | | | 7982.97 |

കോൺക്രീറ്റിംഗ് 1:2:4 അംഗീകൃത നിരക്ക്.(Mord 12.5.3)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| cement | tonne | 0.35 | 5792.24 | 2027.28 |
| Coarse sand | Cum | 0.45 | 1303.77 | 586.70 |
| 20 mm aggregate | Cum | 0.54 | 1403.77 | 758.04 |
| 10 mm aggregate | Cum | 0.36 | 1403.77 | 505.36 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.12 | 487 | 58.44 |
| Mazdoor (unskilled) | Day | 1.73 | 368 | 636.64 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4754.91 |
| Add Overhead @ 10% | | | | 475.49 |
| Add CP | | | | 523.04 |
| Total | | | | 5753.44 |
| DSR 2016<br>Cost Index @50.98% | | | | 2933.10 |
| Total for 1Cum | | | | 8686.54 |

വിവിധ പ്രവൃത്തികൾക്ക് മേൽ നിരക്കിലും അധികമായി തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം അനുബന്ധം 3 ആയി ചേർക്കുന്നു. അധിക ചെലവിനു വിശദീകരണം അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/14.03.2019) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവു ചെയ്ത തുക 9019 രൂപ നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

## 3-15 സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി 4,621/- രൂപ നിരാകരിക്കുന്നു

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16, ചീഫ്എൻജിനീയർ (LSGD) യുടെ 10.8.16ലെ DB3/6512/2013/CE/LSGDനമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM)

ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam(WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ WMM നു പകരം WBM ഉപയോഗിച്ച് പ്രവൃത്തി ചെയ്തിരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ- | 32/18 |
| പേര് | ആലുവിള കുഴിഞ്ഞാൻവിള റോഡ് ഫസ്റ്റ് മെറ്റലിംഗ് |
| അടങ്കൽ | 130000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 125290 |
| ബിൽ നമ്പർ | 20/31.08.2017 |
| എം.ബുക്ക് നമ്പർ | 509/16-17 |
| റ്റി.എസ്. നമ്പർ | 2441/16-17 |
| കൺവീനർ | രവി |
| Mord | DSR-14 C.I-46.67 |

പദ്ധതി പ്രകാരം WBM ഉപയോഗിച്ച് ബേസ്/ബേസ് കോഴ്സ് നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും 4.7.2.B സ്പെസിഫിക്കേഷൻ ഉപയോഗിച്ച് $25.65m^3$ അളവിൽ (എം ബുക്ക് പേജ് നം. 5,6,7) WBM ചെയ്ത് തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ.

| | |
|---|---|
| അനുവദിച്ചത് -<br>ഇനം. 3 – 4.7.2 B – $25.65m^3$@$3098.63/m^3$ | = 79479.85 |
| അനുവദിക്കാവുന്നത് - $25.65m^3$@$2913.86/m^3$ | = 74740.51 |
| വ്യത്യാസം<br>(-) ഓവർ ഹെഡ് ചാർജ്ജസ് 2.5%<br>അധികം അനുവദിച്ചത് | = 4739.34<br>= 118.48<br>=4621 |

അനുവദനീയമല്ലാത്ത ഇനം ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/11.03.2019) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക 4621/-പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-16** പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 2 തവണ വരെ പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. ഒരു തവണ അനുവദിക്കാവുന്ന അധിക കാലയളവ് ഒറിജിനൽ പൂർത്തീകരണ കാലയളവിന്റെ 25%ൽ അധികരിക്കാവുന്നതല്ല. ഇപ്രകാരം

ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി ദീർഘികരണ കാലയളവ് ഒറിജിനൽ പൂർത്തീകരണ കാലയളവിന്റെ 50% ൽ അധികരിക്കാവുന്നതുമല്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിന് ഈടാക്കേണ്ടുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

| കാലാവധി ദീർഘീകരണം | പിഴ നിരക്ക് |
|---|---|
| ആദ്യ തവണ | പി.എ.സി.യുടെ 1%. കുറഞ്ഞത് 1000/- രൂപ, പരമാവധി 50000/- രൂപ |
| ആദ്യ തവണക്കു ശേഷം | പി.എ.സി.യുടെ 2%. കുറഞ്ഞത് 2000/- രൂപ, പരമാവധി 100000/- രൂപ |

പ്രവൃത്തികളിൽ കാലതാമസത്തിനുള്ള പിഴ ഈടാക്കുന്നതിന് മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ പ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള കുറഞ്ഞ പിഴ പോലും പ്രവൃത്തികളിൽ നിന്നും ഈടാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ.

| പ്രോ.നം. | പി.എ.സി. | കരാറുകാരൻ/കൺവീനർ | എഗ്രിമെന്റ് തീയതി | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ |
|---|---|---|---|---|---|---|---|---|
| 15/18 | 343805 | സിന്ധു ആർ. എസ്. | 23.02.2017 | 4 മാസം | 30.06.2017 | 8 ദിവസം | 3438 | 3216 |
| 155/18 | 599743 | ശ്രീകുമാർ എസ് | 24.08.2017 | 4 മാസം | 02.03.2018 | 2 മാസം 10 ദിവസം | 17992 (5997+11995) | 1645 |
| 124/18 | 599308 | ശ്രീകുമാർ എസ് | 24.08.2017 | 4 മാസം | 02.03.2018 | 2 മാസം 10 ദിവസം | 17979 (5993+11986) | 1605 |
| 144/18 | 599846 | വിജയൻ എസ് | 04.10.2017 | 4 മാസം | 13.03.2018 | 1 മാസം 10 ദിവസം | 17995 (5998+11997) | 405 |

കൂടാതെ, പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും പിഴ കുറവു ചെയ്യുന്നതിലെ അപാകതക കാരണം വിവിധ നികുതിയിനങ്ങളിൽ കുറവ് വരുന്നു. വിശദവിവരം ചുവടെ.

| പ്രോ.നം. | ആകെ പ്രവൃത്തി മൂല്യം | പിഴ തുക | ബിൽ തുക | ബിൽ നം., തീയതി |
|---|---|---|---|---|
| 15/18 | 321639 | 3216 | 318423 | 29/13.10.17 |
| 155/18 | 577427 | 1645 | 575782 | 64/23.03.2018 |
| 124/18 | 563442 | 1605 | 561837 | 63/23.03.2018 |

മേൽ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും പിഴ കുറവു ചെയ്ത ശേഷമുള്ള തുകയാണ് പാസ്സാക്കിയിട്ടുള്ളത്. ഇപ്രകാരം പാസ്സാക്കുന്ന തുകയ്ക്ക് ആനുപാതികമായാണ് വിവിധ നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കി ഒടുക്കുന്നത്. ആയതിനാൽ സർക്കാരിനു ലഭിക്കേണ്ടുന്ന വിവിധ നികുതികളിൽ കുറവ് വരുന്നു. കൂടാതെ പിഴ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നുമില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/11.03.2019) അപാകതകൾ പരിഹരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. പ്രവൃത്തിയുടെ മൂല്യം ബിൽ തുകയായി പാസ്സാക്കേണ്ടതും, അതനുസരിച്ചുള്ള നികുതികൾ, പിഴ എന്നിവ ഈടാക്കിയ ശേഷം മാത്രം കരാറുകാരന് തുക അനുവദിക്കേണ്ടതുമാണ്. നികുതി തുക ബന്ധപ്പെട്ട ഹെഡുകളിലും, പിഴ തുക തദ്ദേശ സ്ഥാപനത്തിനും ലഭ്യമാക്കേണ്ടതാണ്.

വിവിധ നികുതികൾ കൃത്യമായ നിരക്കുകളിൽ ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കുന്നുവെന്നും, തദ്ദേശ സ്ഥാപനത്തിനു ലഭ്യമാകേണ്ട തുക ലഭ്യമാകുന്നുവെന്നും, നിർവഹണാധികാരിയും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്തേണ്ടതാണ്.

## 3-17 ഓഡിറ്റ് ഇംപാക്റ്റ്-പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് കുറവ് വരുത്തിയില്ല. അധികമായി അനുവദിച്ച 33,283/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി.

പ്രോ. നം. 147/18 ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ വിവിധ നടപ്പാത കോൺക്രീറ്റ് & സൈഡ്

സംരക്ഷണഭിത്തി നിർമ്മാണം പദ്ധതി 24% ടെണ്ടർ കിഴിവിലാണ് ശ്രീ. പി. വിജയൻ കരാർ എടുത്തിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് വരുത്താതെ മുഴുവൻ തുകയും അനുവദിച്ചു.

ബിൽ നം., തീയതി - 60/16.03.2018

ബിൽ തുക / അനുവദിച്ച തുക - 138679

പ്രവൃത്തി മൂല്യം - 138679

(-) ടെണ്ടർ കുറവ് 24% - 33283

അനുവദിക്കേണ്ട തുക - 105396

ടെണ്ടർ കിഴിവ് കുറവു വരുത്താത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നം. 20/12.03.2019) തുക 12.03.2019 തീയതിയിലെ ട്രഷറി ചലാൻ മുഖേന ഒടുക്കി പകർപ്പ് ലഭ്യമാക്കി.

## 3-18 ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തൻ വർഷത്തിൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടുണ്ടോ എന്ന വിലയിരുത്താനായില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും, വിവരങ്ങൾ യഥാവിധി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ ആധികാരികമാക്കേണ്ടതുമാണ്. പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയാക്കി മാറ്റുന്നുവെന്നും, അവയുടെ പരിപാലനവും, സംരക്ഷണവും യഥാവിധി നടത്തപ്പെടുന്നുവെന്നും സ്റ്റാന്റിംഗ് കമ്മിറ്റികളും, ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## 3-19 പാലിയേറ്റീവ് കെയർ പരിചരണം - സർക്കാർ മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

കേരള സർക്കാർ 2008-ൽ ആവിഷ്കരിച്ച പാലിയേറ്റീവ് നയത്തിന് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് പുറപ്പെടുവിച്ച 29.10.2015-ലെ സ.ഉ.(സാധാ)നം.3217/15/ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ വേണ്ടവിധം പാലിക്കാതെയാണ് പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നത്. 2017-18 വർഷത്തെ പാലിയേറ്റീവ് കെയർ നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിലെ ഖ.2.5.6 പ്രകാരം രജിസ്റ്റർ ചെയ്തവരെയും മരണപ്പെട്ടവരെയും ഒഴിവാക്കുമ്പോൾ വിവരങ്ങൾ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന നോമിനൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ഖ.2.6.3(9) പ്രകാരമുള്ള വാളണ്ടിയർമാരുടെ ഏരിയ തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
3. ഖ.2.6.7 പ്രകാരമുള്ള സ്പെഷ്യൽ ഒ.പി. രജിസ്റ്റർ (റഫർ ചെയ്യുന്ന രോഗികളുടെ വിവരം) സൂക്ഷിച്ചിട്ടില്ല.
4. ഖ.2.6.7(5) പ്രകാരമുള്ള ഹോംകെയർ, സ്പെഷ്യൽ ഒ.പി. എന്നിവയിൽ പങ്കെടുക്കുന്ന സ്റ്റാഫ്, വാളണ്ടിയർ എന്നിവർ ഹാജർ രേഖപ്പെടുത്തേണ്ട Staff & Volunteer Attendence Register സൂക്ഷിച്ചിട്ടില്ല.
5. ഖ.2.8.4 പ്രകാരം ഹോം കെയർ നേഴ്സുമായി (അനുബന്ധം 5) 200/-രൂപയുടെ മുദ്രപത്രത്തിൽ നിർവഹണഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.
6. ഖ.2.6.2 പ്രകാരം ഹോം കെയർ ടീം രാവിലെ 9.30AM മുതൽ 4.30PM വരെ കുടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും പരിശോധിച്ചിരിക്കണം. എന്നാൽ രജിസ്റ്റർ പ്രകാരം അത്തരം പ്രവർത്തനം നടത്തിയിട്ടില്ല.
7. ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ മെഡിക്കൽ ആഫീസർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
8. ഖ.2.6.3 പ്രകാരം ഓരോ ദിവസത്തെയും ഹോം കെയർ വിവരങ്ങൾ അനുബന്ധം 3അടിസ്ഥാനത്തിലുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്തിട്ടില്ല.
9. ഖ.2.11 പ്രകാരം പി.എം.സി.യുടെ ആഭിമുഖ്യത്തിൽ പ്രതിമാസ അവലോകനയോഗങ്ങൾ കൂടിയിട്ടില്ല.
10. ഖ.2.6.8 പ്രകാരം രോഗികൾക്ക് ആവശ്യമായ വാട്ടർ ബെഡ്, വീൽചെയർ തുടങ്ങിയവ പൊതു സമൂഹത്തിൽ നിന്നും ലഭ്യമാക്കാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല.
11. പാലിയേറ്റീവ് കെയറിന് ലഭിച്ച ആംബുലൻസിന്റെ ഡ്രൈവറുടെ നിയമനം സർക്കാർ ഉത്തരവ് പ്രകാരം ക്വട്ടേഷൻ, പത്രപരസ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇൻർവ്യൂ മുഖേന നടത്തിയിട്ടില്ല.

12. ഹോം കെയർ വിസിറ്റിംഗ് രജിസ്റ്ററിന്റെ പല പേജുകളും രേഖപ്പെടുത്തലുകൾ ഇല്ലാതെ കാണുന്നു. ലോഗ് ബുക്കിലെ തീയതികളും വിസിറ്റിംഗ് രജിസ്റ്ററിലെ തീയതികളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-20 പാലിയേറ്റീവ് കെയർ ആംബുലൻസ് -മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചു.

പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പരിചരണത്തിനായി ലഭ്യമായ KL-19-H-3693 നമ്പർ ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് അല്ലാത്ത പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗിച്ചതായി കണ്ടെത്തി. ആയതിനെക്കുറിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 37/19-ന് നൽകിയ മറുപടിയിൽ അക്കാര്യം മെഡിക്കൽ ആഫീസർ ശരിയാണെന്ന് അറിയിച്ചു. പാലിയേറ്റീവ് കെയർ പരിചരണത്തിനുള്ള വാഹനം ഉപയോഗിക്കുമ്പോൾ 29.10.2015-ലെ സ.ഉ.(സാധാ)നം.3217/15/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖ.2.6.5-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-21 ഭരണസമിതിയുടെ അനുമതിയില്ലാതെ പദ്ധതിക്ക് അംഗീകാരം നേടി

| | | |
|---|---|---|
| പ്രോജക്ട് നം | : | 186/18-മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | : | 1166000 (വികസന ഫണ്ട്-എസ്.സി.പി) |
| | | 17600(തനത് ഫണ്ട്) |
| ആകെ | : | 1183600/- |
| ചെലവ് | : | 295900/- |
| ബിൽ നം. | : | 05/14.02.18 |
| നിർവ്വഹണം | : | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി കോളനികളിൽ രാത്രികാലത്ത് വെളിച്ചം ലഭ്യമാക്കുകഎന്ന ലക്ഷ്യത്തോടെ എട്ട് കോളനികളിൽ മിനിഹൈമാസ്റ്റ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്നതായിരുന്നു മേൽ പദ്ധതിയുടെ ലക്ഷ്യം. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കാൻ തയ്യാറാക്കിയ പദ്ധതിപ്രകാരം കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംങ് കമ്പനിയുമായി അസിസ്റ്റന്റ് സെക്രട്ടറി കരാറിൽ ഏർപ്പെടുകയും 295900/-രൂപ അഡ്വാൻസായി K.E.L ന് നൽകുകയും ചെയ്തു. തൻവർഷം പൂർത്തീകരിക്കാത്ത നിർദ്ദിഷ്ട പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ടായിട്ടുണ്ട്.

1) പഞ്ചായത്ത് ഭരണസമിതിയുടെ ഭരണാനുമതി ലഭിച്ച ശേഷം മാത്രമേ പദ്ധതിയ്ക്ക് ഡി.പി.സി യുടെ അംഗീകാരം തേടാവൂ എന്ന് വ്യവസ്ഥയുണ്ടെങ്കിലും ഇല്ലാത്ത ഭരണാനുമതി തീരുമാനം രേഖപ്പെടുത്തി ഡി.പി.സി അംഗീകാരം നേടി. 24.10.17 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ I(4) -ാം നമ്പർ തീരുമാന പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് പ്രോജക്ടിന്റെ പകർപ്പിൽ രേഖപ്പെടുത്തലുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയിട്ടില്ലെന്ന് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനയിൽ വ്യക്തമായി.

2) പദ്ധതി നടപ്പിലാക്കുന്നതിന് മുൻപായി നിർദ്ദിഷ്ട പദ്ധതിയ്ക്ക് എസ്.സി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനായുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്താതെ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പാറശ്ശാല ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസർ 05.06.17 ൽ നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ സ്ട്രീറ്റ് ലൈറ്റ് വെട്ടിതിരുത്തി മിനിമാസ്റ്റ് എന്ന് കൂട്ടിച്ചേർക്കൽ വരുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

3) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഭരണാനുമതി ലഭിച്ച ശേഷം ഡി.പി.സി അംഗീകാരം നേടി നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കുകയും ലഭിക്കുന്ന ക്വട്ടേഷനുകൾ പരിശോധിച്ച് അനുയോജ്യമായവ തെരഞ്ഞെടുത്ത് വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിനായാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുന്നത്. ഇവിടെ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി, KEL ൽ നിന്നും ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത ശേഷം പഞ്ചായത്ത് ഭരണസമിതിയുടെയും ഡി.പി.സി യുടെയും അംഗീകാരം തേടുകയാണുണ്ടായത്. 23.10.17 തീയതിയിൽ പ്രോക്യൂർമെന്റ് കമ്മിറ്റി കൂടി 2017-18 സാമ്പത്തിക വർഷത്തെ സാധനസാമഗ്രികൾ വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത സന്ദർഭത്തിൽ “KEL ൽ നിന്നും സർക്കാർ നിരക്കിൽ നേരിട്ട് ലൈറ്റ് സ്ഥാപിക്കുന്നതിന് ഡി.പി.സി യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകണമെന്ന് ജനറൽ കമ്മിറ്റിയോട് ശിപാർശ ചെയ്തു “ എന്ന് രേഖപ്പെടുത്തിയതിൽ നിന്നും ഡി.പി.സി അംഗീകാരമില്ലാതെയാണ് വാങ്ങൽ നടപടി സ്വീകരിച്ചതെന്ന് വ്യക്തമാണ്.

4) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ. ബി യുടെ അനുമതിയും എസ്റ്റിമേറ്റിന് ഇലക്ട്രിക്കൽ സെക്ഷൻ AE യുടെ അംഗീകാരവും ആവശ്യമാണെങ്കിലും ഈ പദ്ധതിയ്ക്ക് അപ്രകാരമുള്ള അനുമതിയോ അംഗീകരിച്ച എസ്റ്റിമേറ്റോ ഇല്ല.

പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെ പദ്ധതി നടപ്പിലാക്കിയതും അവശ്യരേഖകൾ ഫയലിൽ

സൂക്ഷിക്കാത്തതും സംബന്ധിച്ച് അസിസ്റ്റന്റ് സെക്രട്ടറിക്ക് 19/19-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 24.10.17 ലെ I(4)-ാം നമ്പർ തീരുമാനത്തിൽ 12.03.19 ൽ കൂട്ടിച്ചേർക്കൽ വരുത്തി ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ ഭരണാനുമതി ഇല്ലാതെ പദ്ധതിയ്ക്ക് അംഗീകാരം നേടുകയും പ്രോക്യൂർമെന്റ് കമ്മിറ്റി ചട്ടങ്ങൾ മറികടന്ന് തീരുമാനമെടുക്കുകയും ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സിൽ തിരുത്തലും കൂട്ടിച്ചേർക്കലും വരുത്തിയതും വകുപ്പ് തല അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 3-22 പ്രോജക്ട് ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി

| | | |
|---|---|---|
| പ്രോജക്ട് നം. | : | 70/18-10-ാം ക്ളാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ | : | 100000/-(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | : | 87800/- ബിൽ നം.02/06.01.2018 |
| നിർവ്വഹണം | : | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-2018 സാമ്പത്തിക വർഷം എസ്.സി.പി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ " 10-ം ക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ" എന്ന പദ്ധതി സൈക്കിൾ ഒന്നിന് 5000/-നിരക്കിൽ 20 വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ക്വട്ടേഷൻ നടപടികൾ പാലിച്ച് ഉദിയൻകുളങ്ങര സനൽ സൈക്കിൾസിൽ നിന്നും 20 സൈക്കിളുകൾ (ആൺകുട്ടികളുടെ 13 ഉം പെൺകുട്ടികൾക്കുള്ള 7 ഉം) വാങ്ങുന്നതിന് 04.11.17ലെ എ1/666/17-ം നമ്പർ കത്തുമുഖേന സപ്ളൈ ഓർഡർ നൽകി. എന്നാൽ ആൺകുട്ടികളുടെ 12 ഉം പെൺകുട്ടികളുടെ 8 ഉം സൈക്കിളുകളാണ് വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അർഹത തെളിയിക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ഭൂരിഭാഗത്തിലും പഠിക്കുന്ന വിദ്യാഭ്യാസ വർഷമോ സർട്ടിഫിക്കറ്റ് വിതരണം നടത്തിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ 6 സ്കൂൾ സർട്ടിഫിക്കറ്റുകൾ പ്രകാരം സൈക്കിളുകൾ ലഭിച്ച വിദ്യാർത്ഥികൾ VIII,IX ക്ലാസുകളിൽ പഠിക്കുന്നവരുമാണ്. പ്രോജക്ട് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിച്ചല്ല പദ്ധതി നടപ്പലാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചത്. VIII,IX,X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവാദമുണ്ടെന്നാണ്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഡി.പി.സി അംഗീകരിച്ച പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതി പ്രവർത്തനം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങൾക്കാധാരമായ സർട്ടിഫിക്കറ്റുകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്.

## 3-23 സ്റ്റോർ പർചേസ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാതെ മേശയും കസേരയും വാങ്ങി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ലാത്ത ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകി- 345091/- രൂപ തടസ്സം

| | | |
|---|---|---|
| പ്രോജക്ട് നം. | : | 106/18-മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശയും കസേരയും നൽകൽ |
| അടങ്കൽ | : | 410000/- |
| ഫണ്ടിനം | : | വികസനഫണ്ട്375000+തനത്ഫണ്ട്35000 |
| ചെലവ് | : | 345091/- |
| ബിൽ നം. | : | 03/08.02.18 |
| നിർവ്വഹണം | : | ഹെഡ്മാസ്റ്റർ, എരിച്ചല്ലൂർ ഗവ.എൽ.പി.എസ് |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതി മത്സ്യത്തൊഴിലാളികളുടെ മക്കളായ 82 വിദ്യാർത്ഥികൾക്ക് യഥാക്രമം 3500/-,1500/- രൂപ നിരക്കിലുള്ള സ്റ്റീൽമേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനാണ് രൂപീകരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളുള്ള നാല് വാർഡുകളിൽ നിന്നായി 104 ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തിരുന്നുവെങ്കിലും പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്തൃ ലിസ്റ്റിന് അംഗികാരം നൽകിയിട്ടില്ലെന്ന് ജനറൽ കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധനയിൽ വ്യക്തമായി.

പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരമില്ലാത്ത 104 പേരടങ്ങിയ ലിസ്റ്റിന്റെ അച്ചടിച്ച പ്രിന്റും 30 പേരടങ്ങിയ ലിസ്റ്റിന്റെ കയ്യെഴുത്ത് പ്രതിയും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയെങ്കിലും കയ്യെഴുത്ത് പ്രതിയിൽ മാത്രമാണ് സെക്രട്ടറി ഒപ്പ് വച്ചിട്ടുള്ളത്. ഈ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നം.44 ആയി 15.03.19ൽ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

75 വിദ്യാർത്ഥികൾക്ക് മുകളിൽ സൂചിപ്പിച്ച നിരക്കിൽ മേശയും കസേരയും വാങ്ങി നൽകാനാണ് 106/18-ം നം.പദ്ധതി ക്ക് അംഗികാരം ലഭിച്ചതെങ്കിലും കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായമെത്തിക്കുന്നതിനായി പദ്ധതി റിവൈസ് ചെയ്യുന്നതിന് 21.02.18ലെ അടിയന്തിര യോഗത്തിൽ 3(2)-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. അതിൻ പ്രകാരം 35000/- രൂപയുടെ തനത് ഫണ്ട് വിഹിതം കൂടി ഉൾപ്പെടുത്തി 410000/-രൂപ ആയി അടങ്കൽ വർദ്ധിപ്പിക്കുകയാണുണ്ടായത് എങ്കിലും സപ്ളിമെന്ററി ലിസ്റ്റിലുൾപ്പെട്ട 19 പേരുൾപ്പെടെ ആകെ 75 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ 2 ലിസ്റ്റിലും ഉൾപ്പെടാത്ത 19 പേർക്കും മേശയും കസേരയും നൽകിയിട്ടുമുണ്ട്. 75 എണ്ണം വീതം മേശയും കസേരയും വാങ്ങിയ വകയിൽ സിഡകോയ്ക്ക് വികസനഫണ്ടിൽ നിന്നു 345091/-രൂപ നൽകി. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) പത്രപ്പരസ്യത്തിൽ അടങ്കൽ തുകയായി 410000/-ചേർക്കേണ്ടിടത്ത് 375000/- മാത്രമാണ് രേഖപ്പെടുത്തിയത്. ആവശ്യമായ ഫർണിച്ചറുകളുടെ മെറ്റീരിയൽ, സ്പെസിഫിക്കേഷൻ, എണ്ണം എന്നിവ രേഖപ്പെടുത്തിയില്ല.
2) ലഭിച്ച ടെണ്ടറുകളുടെ താരതമ്യപഠനം നടത്തി തയ്യാറാക്കിയ ടാബുലേഷൻ ഷീറ്റ് നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കി പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയോ പ്രോജക്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.
3) 04.08.17 ന് രാവിലെ 10 മണിക്ക് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മേശ,കസേര എന്നിവ വാങ്ങി നൽകുന്നതിനുള്ള 106/18-ം നമ്പർ പദ്ധതിയുടെ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയിരിക്കെ, അന്നേ ദിവസം തന്നെ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി 106/18-ം നമ്പർ പദ്ധതിയുമായി ബന്ധപ്പെട്ട 4 എണ്ണം ടെണ്ടറുകൾ പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സിഡ്കോ ലിമിറ്റഡിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ഭരണസമിതിയോട് ശിപാർശ ചെയ്തതായി മിനിറ്റ്സ് തയ്യാറാക്കിയിരിക്കുന്നതിൽ പൊരുത്തക്കേടുണ്ട്.
4) ഭരണസമിതിയുടെ 24.10.2017ലെ III(6)-ം നമ്പർ തീരുമാനത്തിൽ 5 ടെന്ററുകൾ ടെന്റർ ലഭിച്ചതായും ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിട്ടുള്ളത് ശബരി സ്റ്റീൽ ഫർണിച്ചർ കുതിരക്കളത്തിന്റെതാണെന്നും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതിൽ നിന്നും ടെണ്ടർ നടപടികൾ സുതാര്യമല്ലെന്ന് കൂടുതൽ വ്യക്തമാകുന്നു.
5) ശബരി സ്റ്റീൽ ഫർണിച്ചർ വിതരണം ചെയ്യുന്ന മേശയുടെ വലിപ്പം 4x2x2.5 ആണെന്നും സിഡ്കോ വിതരണം ചെയ്യുന്ന മേശയുടെ വലിപ്പം 4.5x2x2.5 ആയതിനാലും സർക്കാർ അംഗീകൃത സ്ഥാപനമായതിനാലും സിഡ്കോമാർക്കറ്റിംഗിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും ഭരണസമിതി ഐകകണ്ഠേന തീരുമാനിച്ചു. ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരിക്കെ, കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ (സിഡ്കോയുടെ 19.10.17 ലെ ഇൻവേയ്സ് നം.263 ൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുമില്ല) ഒഴിവാക്കിയ ഭരണസമിതി തീരുമാനം 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7.33,9.7 എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനമാകയാൽ ആയതിന് സാധുതയില്ല. ആകയാൽ സിഡ്കോയ്ക്ക് അനുകൂലമായ ഭരണസമിതി തീരുമാനം ക്രമപ്രകാരമുള്ളതല്ല.
6) 75 എണ്ണം സ്റ്റീൽ മേശയും കസേരയും വിതരണം ചെയ്യുന്നതിനുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥ 10.11.17ൽ 106/17-18-ാം നമ്പരായി സിഡ്കോയ്ക്ക് വിതരണ ഓർഡർ നൽകിയെങ്കിലും വിതരണ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ഒപ്പു വയ്ക്കുകയോ ചെയ്തില്ല. 08.02.18 ൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 345091/- സിഡ്കോയ്ക്ക് കൈമാറിയെങ്കിലും ഫർണിച്ചർ ലഭിച്ച തീയതി ഫയലിൽ രേഖപ്പെടുത്തുകയോ ലഭിച്ച ഫർണിച്ചറുകൾ സ്റ്റോക്കിൽ എടുക്കുകയോ ചെയ്തില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 56 പേർക്കും ലിസ്റ്റിൽ ഇല്ലാത്ത 19 പേർക്കും ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. ആകയാൽ സിഡ്കോയ്ക്ക് പണം കൈമാറിയ നടപടി അംഗീകരിക്കാവുന്നതല്ല.
7) 4x2x2.5 വലുപ്പമുള്ള 22 ഗേജ് ടേബിളിന് നികുതി, വിതരണ ചെലവ് ഉൾപ്പെടെ ശബരി ഫർണിച്ചർ രേഖപ്പെടുത്തിയ വില 2197/- ആയിരിക്കെ 4.5x2x2.5വലുപ്പമുള്ള 22 ഗജ് ടേബിളിന് നികുതി,വിതരണ ചാർജ്ജ് ഉൾപ്പെടാതെ തന്നെ സിഡ്കോ നിശ്ചയിച്ച വില 2736/- അണ്. എന്നാൽ SIDCO യ്ക്ക് നൽകിയ തുകയും ഇൻവോയ്സ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 39/19 നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കിയതിനാലും നടപടി ക്രമങ്ങൾ പാലിക്കാതെയും ക്രമരഹിതമായ തീരുമാനങ്ങളിലൂടെയും സിഡ്കോയിൽനിന്നും വാങ്ങൽ നടത്തിയതിനാലും പദ്ധതിക്ക് ചെലവ് ചെയ്ത 345091/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 ദേശീയതൊഴിലുറപ്പ് പദ്ധതി - അവലോകനം

2017 - 18 സാമ്പത്തിക വർഷത്തിൽ 4019 കുടുംബങ്ങൾക്കായി 113417 തൊഴിൽ ദിനങ്ങൾ നൽകി. ഇതിൽ 48 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ലേബർ ബഡ്ജറ്റ് പ്രകാരം ആകെ 1055 പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ 305 പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത്. തൻവർഷ ചെലവ് ആകെ 39347000/- രൂപയാണ്.

പ്രധാനമായും ഭൂവികസനം, ഐ.എ.വൈ.ഭവന നിർമ്മാണം, റൂറൽ കണക്ടിവിറ്റി ജലസ്രോതസ്സുകളുടെ സംരക്ഷണം, ജല സംരക്ഷണ പ്രവൃത്തികൾ (ഫാം പോണ്ട് നിർമാണം) , കിണർ നിർമ്മാണം, കക്കൂസ് നിർമാണം എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് തുക വിനിയോഗിച്ചിരിക്കുന്നത്

പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ് നടപ്പാക്കിയിട്ടുള്ളത്.
2.തൊഴിലുറപ്പ് പ്രവൃത്തി ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിനാൽ എന്ത് തരം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്നതിന് വ്യക്തതയില്ല. (ഉദാ- ഞാറക്കൽ മുതൽ വള്ളൽ വരെ നീർച്ചാൽ പുനരുദ്ധാരണം, ഉറ്റൂർകുളം മുതൽ പിറയൻകോട്ടു വരെയുള്ള ചെറിയതോട് പുനരുദ്ധാരണം, വെൺകുളം മുതൽ പള്ളം പള്ളി വരെ നീർച്ചാൽ പുനരുദ്ധാരണം, കുഴിവിളാകം മുതൽ വെട്ടുപ്ലാങ്കാല വരെ ചാനൽ പുനരുദ്ധാരണം, കാട്ടുകുളം മുതൽ അയിരകുളം വരെ ചെറിയതോട് പുനരുദ്ധാരണം ).

3.കരുമരം മുതൽ കണിയാൻവിള നടപ്പാത (കുഴിഞ്ഞാൻവിള),നിർമാണത്തിനായി 1,09,851/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെയ്ത പ്രവൃത്തിയുടെ ഫോട്ടോ, പ്രവൃത്തി ഫയലുകളിൽ തൊഴിലാളികളുടെ പങ്കാളിത്തം വ്യക്തമാകുന്ന ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല.

4.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

5.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

അപാകതകൾ ഇല്ലാതെ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും, നടപ്പിലാക്കിയവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 457125 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 457125 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 675000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (വനിത) | 675000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 457125 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 457125 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 675000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (വനിത) | 675000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | സമഗ്ര നെൽകൃഷി വികസനം | 85000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവ സമൃദ്ധി പച്ചക്കറി കൃഷി | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവ സമൃദ്ധി പച്ചക്കറി കൃഷി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പുല്ലുവിള മേലേ പറയൻവിള കുടിവെള്ള പദ്ധതി | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 40,00,000 | 0 | 40,00,000 |
| 2 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് | 4,53,600 | 0 | 4,53,600 |
| 3 | കെ.എസ്.ഇ.ബി | പുതിയ ഇലക്ട്രിക് പോസ്റ്റിട്ട് ലൈൻ വലിക്കൽ | 42,250 | 0 | 42,250 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 273/2010 /ത.സ്വ.ഭ.വ. തീയതി 27.01.2010 | 19552000 | 6883607 | 2200000 | | 4683607 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2011-12 | IV | 13600 | ശിവകല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 117010104973/ 17.08.2017 |
| 1 | 2016-17 | | 420 | ബി. അനിത | 117010104474/ 15.07.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77063539 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 855717788.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13640 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5225901 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | | 9019 | ശ്രീ.സുരേഷ് കുമാർ, അസി. എഞ്ചിനീയർ |
| 3-15 | | 2310 | ശ്രീമതി.രമ്യ. ജെ.എം., അസി. എക്സി. എഞ്ചിനീയർ |
| | | 2311 | ശ്രീ.അജയ് എൽ. ഹാർഡിൻ, അസി. എഞ്ചിനീയർ |
| ആകെ | | 13640 | |

*സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 19960 | ശ്രീ.കെ. സതീഷ് കുമാർ, സെക്രട്ടറി |
| 3-6 | 4845850 | ശ്രീ.കെ. സതീഷ് കുമാർ, സെക്രട്ടറി (4595850) |

| | | |
|---|---|---|
| | | ശ്രീ.പ്രദീപ്.എസ്.വി, വെറ്ററിനറി സർജൻ (250000) |
| 3-8 | 15000 | പ്രദീപ് എസ്.വി., വെറ്ററിനറി സർജൻ |
| 3-23 | 345091 | വിജയലക്ഷ്മി.ജെ., എച്ച്.എം |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-2 -3000/-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.സതീഷ്കുമാർ,<br>സെക്രട്ടറി | സെക്രട്ടറി<br>കാരോട് ഗ്രാമപഞ്ചായത്ത് | ലേഖാ സദനം, മുറിയത്തോട്ടം, പാറശാല |
| ശ്രീ.സുരേഷ് കുമാർ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കാരോട് ഗ്രാമപഞ്ചായത്ത് | പാലാഴി, പിരായുംമ്മൂട്, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീ.അജയ്.എൽ.ഹാർഡിൽ<br>അസി. എഞ്ചിനീയർ | - | ജെ. എൽ.നികേതൻ, മൂലക്കോണം, കുവളശ്ശേരി പി.ഒ. |
| ശ്രീമതി.വിജയലക്ഷ്മി.ജെ എച്ച്.എം | ഹെഡ്മിസ്ട്രസ്<br>എൽ.പി.ജി.എസ്<br>എരിച്ചല്ലൂർ | ടി.സി.48/2029, വിജയം, ആറാമട.പി.ഒ. തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക<br>കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 4 | |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 6 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 3 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 5 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /882/2018<br>തീയതി.28.06.2018 | 11 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/2104/16<br>തീയതി.05.01.2018 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /1657(എ) /2017തീയതി. 03.01.2019 | 1 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2017-18- ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 3

### അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിവരം

| ക്രമ നം | പ്രോ. നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | എം ബുക്ക് നം. | ബിൽ തുക | ബിൽ നം., തീയതി | കോസ്റ്റ് ഇൻഡക്സ് | പ്രവൃത്തി ഇനം,ചെയ്ത അളവ് | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | ടെണ്ടർ കിഴിവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 201/18 | വില്ലേജ് ഓഫീസ് റോഡ് സൈഡ് വാൾ കെട്ടി സ്ലാബിടൽ | രാജരത്നം കെ | 5/17-18 | 95480 | 71, 23.03.2018 | 44.12% | 11.4.2.1, $7.2m^3$ | 54229.82 | 52144.06 | 0.1% | 2084 |
| | | | | | | | | 11.4.44 $0.54m^3$ | 4656.71 | 4477.60 | | 179 |
| 2 | 161/18 | എരിച്ചല്ലൂർ സ്കൂൾ അറ്റകുറ്റപ്പണി | വിജയൻ എസ് | 135/17-18 | 322916 | 47/ 30.01.2018 | 50.98% | 11.4.2.1, $14.72m^3$ | 116147.28 | 111679.90 | 19% | 3619 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 199/18 | ഷാപ്പ് മുക്ക് ക്ഷേത്രം മണ്ണൻവിള റോഡ് സൈഡ് വാൾ കോൺക്രീറ്റ് | വത്സലരാജ് കെ. | 396/17-18 | 282883 | 62, 23.03.2018 | 44.12% | 11.4.3.1, 1.701$m^3$ | 14122.16 | 13579.03 | എസ്റ്റിമേറ്റ് നിരക്ക് | 543 |
| 4 | 189/18 | പനയറക്കാല സൈഡ് സംരക്ഷണ ഭിത്തി | ദാസ് ജെ | 8/17-18 | 95864 | 74, 28.03.2018 | 44.12% | 11.4.3.1, 1.414$m^3$ | 11739.41 | 11287.92 | എസ്റ്റിമേറ്റ് നിരക്ക് | 451 |
| 5 | 187/18 | പള്ളത്ത് മേൽപ്പുറം നടപ്പാത കോൺക്രീറ്റ് | കെ. വിത്സൺ | 7/17-18 | 93404 | 75, 28.03.2018 | 44.12% | 11.4.3.1, 0.5$m^3$ | 4151.14 | 3991.49 | 0.1% | 159 |
| 6 | 159/18 | കൊല്ലാക്കുളം മടത്തുവിള സൈഡ് വാൾ നിർമ്മാണം | രാജേഷ് ജെ | 273/17-18 | 155007 | 57, 24.02.2018 | 50.98% | 12.5.3, 2.928$m^3$ | 27977.63 | 25434.19 | 22% | 1984 |
| | ആകെ | | | | | | | | | | | 9019 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി